പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1925 08.06.2018-ലെ മറുപടിക്ക്

## ആഭ്യന്തര ഓഡിറ്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കെ.എസ്.ആർ.റ്റി.സി.യിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിലേക്കായി ഡ്യൂട്ടി പരിഷ്കരണം നടത്തി വരുന്നു.<br>2. എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി 8 മണിക്കൂർ ആയി നിജപ്പെടുത്തി.<br>3. ടയർ റീ-ട്രെഡിംഗിൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു.<br>4. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>5. വരുമാനം കുറഞ്ഞ ട്രിപ്പുകൾ നിർത്തലാക്കി. റൂട്ടുകളും, ഷെഡ്യൂളുകളും പുന:സംഘടിപ്പിച്ച് വരുന്നു. |
| (ബി) | ചീഫ് ഓഫീസിലെയും യൂണിറ്റ് ഓഫീസുകളിലെയും ചെലവ് ചുരുക്കുവാൻ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (ബി) | നൽകിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സിയിൽ ആഭ്യന്തര ഓഡിറ്റ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ ഉണ്ടാകുന്ന അനാവശ്യ ചെലവുകൾ കണ്ടെത്തുവാൻ ഓഡിറ്റ് സംവിധാനത്തിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.റ്റി.സി.യിൽ ആഭ്യന്തര ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. അനാവശ്യ ചിലവുകൾ യഥാസമയം കണ്ടെത്തുകയും, നിയന്ത്രണ വിധേയമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ